**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. HARITHA V KUMAR, IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 20.05.2024 ലെ DWCD/623/2024-E8 നം ഗസറ്റ് വിജ്ഞാപനം.

**<u>ഉത്തരവ് നം.DWCD/3675/2024-E9 തീയതി: 26-06-2024</u>**

വനിതാ ശിശുവികസന വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനായുള്ള സെലക്ട് ലിസ്റ്റിന്റെ വിജ്ഞാപനം പരാമർശ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സീനിയർ സൂപ്രണ്ടുമാരായ ശ്രീ. ദിവാകരൻ വി എം, ശ്രീ. സത്യൻ വി സി, ശ്രീമതി. ത്രേസ്യാമ്മ ജോൺ എന്നീ ജീവനക്കാർ സേവനത്തിൽ നിന്നും വിരമിച്ചതിലൂടെ പ്രസ്തുത തസ്തികയിൽ 3 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് 2024 ലെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റി (ലോവർ) കൂടി തയ്യാറാക്കി സർക്കാർ അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച പരാമർശ സെലക്ട് ലിസ്റ്റിൽ ക്രമ നം 1 മുതൽ 3 വരെയുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ 3 ജീവനക്കാർ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് അർഹരാണ്.

പ്രസ്തുത സാഹചര്യത്തിൽ മേൽ പരാമർശ സെലക്ട് ലിസ്റ്റിൽ ക്രമ നം. 1 മുതൽ 3 വരെയുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് കെ.എസ് & എസ്.എസ്.ആർ ചട്ടം 28 (എ) പ്രകാരം 51400-110300 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരിയുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ. രാഹുൽ **എം.ആർ**<br>(PEN : 211697)<br>ജൂനിയർ സൂപ്രണ്ട്,<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ് | **സീനിയർ സൂപ്രണ്ട്**<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ് |
| 2 | ശ്രീമതി. ശൈലജ എ ദിവാകരൻ,<br>(PEN : 213667)<br>ജൂനിയർ സൂപ്രണ്ട്, ICDS പാമ്പാടി | **സീനിയർ സൂപ്രണ്ട്**<br>ജില്ലാതല ICDS സെൽ, ഇടുക്കി. |
| 3 | ശ്രീമതി. ജോളി കെ ആർ,<br>(PEN : 212376)<br>ജൂനിയർ സൂപ്രണ്ട്, ICDS ചമ്പക്കുളം | **സീനിയർ സൂപ്രണ്ട്**<br>ജില്ലാതല ICDS സെൽ, വയനാട് |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം RTC -യുടെ പകർപ്പ് സഹിതം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

HARITHA V KUMAR. IAS
**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് : 1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള (ആമുഖ കത്ത് സഹിതം)

2) ശിശു വികസന പദ്ധതി ആഫീസർ, ICDS പാമ്പാടി/ICDS ചമ്പക്കുളം

3) ജില്ലാതല പ്രോഗ്രാം ആഫീസർ, ഇടുക്കി/വയനാട്

4) ജില്ല വനിതാ ശിശുവികസന ഓഫീസർ, ഇടുക്കി/വയനാട്/കോട്ടയം/ആലപ്പുഴ

5) സൂപ്രണ്ട് ഐ റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

6) ഡയറക്ടറുടെ സി എ

7) ഇ 7 സീറ്റ്/ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്